**March : 5**

സഖാക്കളെ,

**സ.സി.വി.ചിദംബരൻ** നമ്മെ വിട്ടുപിരിഞ്ഞിട്ട് ഇന്ന് 11 വർഷം തികയുന്നു. അകാലത്തിൽ നമ്മെ വിട്ടു പിരിഞ്ഞ സഖാവിന്റെ ദീപ്തസ്മരണയ്ക്കു മുന്നിൽ ഒരായിരം രക്തപുഷ്പങ്ങൾ അർപ്പിക്കുന്നു.

സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ കേന്ദ്ര കമ്മറ്റിയംഗം, ട്രഷറർ, ഓർഗനൈസിംഗ് സെക്രട്ടറി, ആക്ടിംഗ് ജനറൽ സെക്രട്ടറി, പെരിന്തൽമണ്ണ ഏരിയാ കമ്മറ്റികൺവീനർ എന്നീ നിലകളിലും ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇൻഡ്യയുടെ പെരിന്തൽമണ്ണ ഏരിയാ സെക്രട്ടറി, മലപ്പുറം ജില്ലാ കമ്മറ്റി അംഗം എന്നീ നിലകളിലും സഖാവിന്റെ പ്രവർത്തനം മാതൃകാപരമായിരുന്നു. ചർച്ചാവേളകളിൽ സുചിന്തിതമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിലും, തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലും സഖാവിന്റെ കഴിവ് അപാരമായിരുന്നു. സഹോദര സംഘടനാ പ്രവർത്തകരോടും സമൂഹത്തിലെ എല്ലാ തട്ടിലുമുള്ള ആളുകളോടുമുള്ള സഖാവിന്റെ പെരുമാറ്റം അദ്ദേഹത്തെ വലിയൊരു സുഹൃദ് വലയത്തിനുടമയാക്കിയിരുന്നു. സമ്മേളനങ്ങൾ, യാത്രകൾ, പ്രക്ഷോഭങ്ങൾ (നിസ്സഹകരണ സമരം, ചട്ടപ്പടി സമരം,ധർണ്ണ ,പണിമുടക്ക്, അനിശ്ചിതകാല പണിമുടക്ക്, പ്രകടനങ്ങൾ) എന്തുമാകട്ടെ സ: ചിദംബരന്റെ നിറസാന്നിദ്ധ്യവും അതുമൂലമുണ്ടാകുന്ന പോസിറ്റീവ് എനർജിയും അനുഭവിച്ചറിഞ്ഞവരാണ് ഗ്രാമീണ ബാങ്ക് ജീവനക്കാർ. സ.ചിദംബരന്റെ സുഹൃത്തുക്കൾക്കോരോരുത്തർക്കും താനാണ് ചിദംബരന്റെ ഏറ്റവും അടുത്ത സുഹൃത്ത് എന്ന ബോധ്യമുാക്കും വിധമായിരുന്നു ഓരോരുത്തരുടെയും വ്യക്തിപരവും സംഘടനാപരവും ഔദ്യോഗികവുമായ  കാര്യങ്ങളിലെല്ലാം ആത്മാർത്ഥമായി അദ്ദേഹം ഇടപെട്ടുകൊണ്ടിരുന്നത്. സഖാവിന്റെ ത്യാഗസന്നദ്ധത, നിസ്വാർത്ഥത, ആത്മാർത്ഥത ഇവയൊക്കെ അനുഭവിച്ചറിഞ്ഞിട്ടില്ലാത്തവർ അദ്ദേഹത്തെ പരിചയപ്പെട്ടവരിൽ ആരും ഉണ്ടാകില്ലെന്ന് നിസ്സംശയം പറയാം. ബാങ്കിൽ വരുന്ന ഇടപാടുകാരോടും അനുഭാവപൂർണ്ണമായ പെരുമാറ്റത്തിലൂടെ അവരുടെ കാര്യങ്ങൾ സാധിച്ചു കൊടുക്കുന്നതിൽ സഖാവ് എന്നും മുൻപന്തിയിലായിരുന്നു.

സഖാവിന്റെ പത്നി ശ്രീമതി.പി.കെ.ഗീത കേരളാ ഗ്രാമീണ ബാങ്ക് പാനൂർ ശാഖയിൽ  മാനേജരാണ്. സഖാവിന് രണ്ടു പുത്രിമാരാണുള്ളത് സീതാലക്ഷ്മി, ശ്രീലക്ഷ്മി.

മാനേജ്മെന്റുകളും ഭരണകൂടവും തൊഴിലാളികൾക്കു മേൽ ദയാരഹിതമായി ചൂഷണം നടത്തി കൊണ്ടിരിക്കുന്ന വർത്തമാന കാലഘട്ടത്തിൽ, നാം ബാങ്ക് ജീവനക്കാരുടെ ജീവിതം

കൂടുതൽ ദുസ്സഹമായി കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ, സംഘടനാ പ്രവർത്തനമെന്നത് നിലനിൽപ്പിന്റെ അനിവാര്യതയെന്നതിൽ തർക്കമില്ല. ഇവിടെയാണ്, സ. ചിദംബരനെ പോലുള്ള സഖാക്കൾ കാണിച്ചു തന്ന മാർഗങ്ങൾ നമുക്ക് മാതൃകയാക്കേണ്ടത്. ഔദ്യോഗിക രംഗങ്ങളിലും സംഘടനാ പ്രവർത്തനങ്ങളിലും സാമൂഹികമായ ഇടപെടലുകളിലും കൂടുതൽ കൂടുതൽ സജീവമാകാൻ സഖാവ്. സി.വി.ചിദംബരനെപ്പോലുള്ളവർ കാണിച്ചു തന്ന പന്ഥാവിലൂടെ മുന്നേറാമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)